മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പോലീസ് വകുപ്പിൽ നിലവിലുള്ള സംഘടനാ സ്വാതന്ത്ര്യത്തിൽ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) അസോസിയേഷൻ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിൽ ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ ഇടപെടുന്നതായുള്ള പരാതികൾ ഉണ്ടായിട്ടില്ല.

(ഡി) ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) പോലീസ് സേനയിലെ അച്ചടക്ക സ്വഭാവത്തെ ഒരു തരത്തിലും ബാധിക്കാത്ത രീതിയിലുള്ളതും, ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസം വരാത്ത രീതിയിലുള്ളതും നിലവിലുള്ള നിയമങ്ങൾ അനുശാസിക്കുന്ന തരത്തിലുമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്. സംഘടനകളുടെ ഓഫീസുകൾ പ്രവർത്തിക്കുന്നതിന് ചില സ്ഥലങ്ങളിൽ സ്ഥല സൗകര്യവും സംഘടനാ യോഗങ്ങളിൽ പങ്കെടുക്കുന്നതിനുവേണ്ട സൗകര്യങ്ങളും സേനാംഗങ്ങൾക്ക് നിലവിൽ നൽകിവരുന്നുണ്ട്.

മെഡിക്കൽ കോളേജുകളിലെ സൗകര്യങ്ങൾ

* 11 [862] ശ്രീ. തോമസ് ചാഴികാടൻ:
„ റോഷി അഗസ്റ്റിൻ:
„ കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മെഡിക്കൽ കോളേജുകൾക്ക് യു. ജി. സി.-യുടേയും നാഷണൽ അക്രഡിറ്റേഷൻ കമ്മിറ്റിയുടേയും ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റേയും മാനദണ്ഡങ്ങൾക്കനുസൃതമായ സൗകര്യങ്ങൾ ഉണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം സൗകര്യങ്ങൾ കൂടുതലായി വേണ്ടിവരും എന്ന് പരിശോധിച്ചിട്ടുണ്ടോ; അവ ഏതെല്ലാമെന്നറിയിക്കാമോ;

(സി) മെഡിക്കൽ കോളേജുകൾക്ക് പ്രസ്തുത മാനദണ്ഡങ്ങൾക്കനുസൃതമായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ

(ഡി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ 'സെന്റേഴ്സ് ഓഫ് എക്സലൻസ്' ആക്കി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഐ. എം. സി. മാനദണ്ഡങ്ങൾക്ക് അനുസൃതമായ സൗകര്യങ്ങൾ പൂർണ്ണമായതോതിൽ ഇല്ല. യു. ജി. സി./എൻ. എ. സി. മാനദണ്ഡങ്ങൾ പക്ഷേ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. ഐ. എം. സി. മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള അദ്ധ്യാപകരുടേയും നേഴ്സുമാരുടേയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ലബോറട്ടറി സൗകര്യങ്ങളുടേയും കിടക്കകളുടെ എണ്ണവും കുറവുണ്ട്.

(സി) സ്വീകരിച്ചുവരുന്നു.

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജ് 'സെന്റർ ഓഫ് എക്സലൻസ്' ആക്കി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകൾ 'സെന്റർ ഓഫ് എക്സലൻസ്' ആക്കി ഉയർത്തുവാനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

ഭവാനി നദീജലം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനെതിരെ നടപടി

* 12 [863] ശ്രീ. എ. സുജനപാൽ:
,, കെ. അച്ചുതൻ:
,, ലൂഡി ലൂയിസ്:
,, വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവാനി നദീജലക്കരാറനുസരിച്ച് ഭവാനിജലം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് അനുവദനീയമാണോ;

(ബി) പ്രസ്തുത കരാറിൽ ഭവാനി നദിയിലെ വെള്ളം ഉപയോഗിച്ച് വൈദ്യുത പദ്ധതികൾ നിർമ്മിക്കുന്ന കാര്യം പറഞ്ഞിട്ടുണ്ടോ;

(സി) ഭവാനി നദിയിലെ വെള്ളം ഉപയോഗിച്ച് കുന്തജല വൈദ്യുതി പദ്ധതി പവർത്തിപ്പിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) അവിടെ നിന്നും എത്ര വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ടെന്നും ഇതിനെതിരെ എന്തു നടപടിയെടുത്തുവെന്നും വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ഭവാനി നദീജല കരാർ എന്നൊരു കരാറില്ല. എന്നാൽ ഭവാനി പുഴയുടെ പോഷകനദിയായ ശിരുവാണിപ്പുഴയിൽനിന്നും തമിഴ്നാട്ടിലെ കോയമ്പത്തൂരിലും കേരളത്തിലെ അട്ടപ്പാടിയിലും ജലം നൽകുന്നതിനായി ശിരുവാണി കുടിവെള്ള പദ്ധതി കരാർ നിലവിലുണ്ട്. പ്രസ്തുത കരാർ അനുസരിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് അനുവദനീയമല്ല.

(ബി) ഇല്ല.

(സി) ഭവാനിപ്പുഴയിലെ ജലം ഉപയോഗിച്ച് കുന്തജല വൈദ്യുതി പദ്ധതി പവർത്തിപ്പിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly